# പനിച്ചൂടിൽ ഭൂമി

സുഹൈറലി തിരുവിഴാംകുന്ന്

**ഭൂമി** നേരിടുന്ന മഹാവിപത്തുകളെ അടയാളപ്പെടുത്താൻ 'അന്ത്യനാളിന്റെ ഘടികാരം' കഴിഞ്ഞ 60 വർഷമായി ഓടിക്കൊണ്ടിരിക്കുന്നു. ആണവായുധങ്ങൾ ഭൂമിയുടെ ഒരുഭാഗം നക്കിത്തുടച്ചപ്പോൾ ഇത്തരം ദുരന്തങ്ങൾക്കെതിരെയുള്ള ഓർമപ്പെടുത്തലായാണ് ഘടികാരം സ്ഥാപിച്ചത്. ഓരോ വൻഭീഷണി ഭൂമിയിലുണ്ടാകുമ്പോഴും ഓരോ മിനിറ്റ് വീതം മുന്നോട്ടു നീങ്ങുന്ന ഈ ഘടികാരത്തിൽ ഭൂമിയുടെ സർവനാശത്തിന് ഇനി വെറും അഞ്ചു മിനിറ്റ് മാത്രമേ ബാക്കിയുള്ളൂ. ലോകത്തെ ചുട്ടുചാമ്പലാക്കാൻപോന്ന ആണവായുധങ്ങളും ഭൂമിയെ വിഴുങ്ങുന്ന ആഗോളതാപനവും കണക്കിലെടുത്ത് 2007 ജനുവരിയിൽ ആണവശാസ്ത്ര ബുള്ളറ്റിൻ (ബി.എ.എസ്) ഘടികാരത്തിൽ രണ്ട് മിനിറ്റ് ഒരുമിച്ചു മുന്നോട്ടു നീക്കുകയുണ്ടായി. വരുംകാലങ്ങളിൽ ആണവായുധത്തേക്കാൾ ഭൂമിക്ക് ഭീഷണി ആഗോളതാപനമായിരിക്കുമെന്ന് സ്റ്റീഫൻ ഹോക്കിംഗ് പ്രഖ്യാപിച്ചത് ഈയിടെയാണ്.

മുൻ അമേരിക്കൻ വൈസ് പ്രസിഡന്റ് അൽഗോർ ഈ വിപത്തിനെതിരെ ബോധവൽക്കരണം നടത്താൻ സംഗീത ട്രൂപ്പുമായി ലോകം ചുറ്റാനിരിക്കുകയാണ്. അൽഗോറിന്റെ 'ട്രാവലിംഗ് ഗ്ലോബൽ വാമിംഗ് ഷോ' എന്ന രചനയെ അടിസ്ഥാനമാക്കി ഡേവിഡ് ഹഗ്ഗൻ സംവിധാനം ചെയ്ത ഹോളിവുഡ് ചിത്രമായ 'ആൻ ഇൻകൺവീനിയന്റ് ട്രൂത്തി'ന് വൻ സ്വീകാര്യത ലഭിച്ചത്, ഭൂമിക്ക് സംഭവിക്കാനിരിക്കുന്ന മഹാദുരന്തങ്ങളുടെ നേർക്കാഴ്ചകൾ സാങ്കേതിക വിദ്യകളിലൂടെ മുന്നാവിഷ്കാരം നടത്താൻ കഴിഞ്ഞതുകൊണ്ടായിരുന്നു.

മനുഷ്യന്റെ അടങ്ങാത്ത ആർത്തിയുടെയും തെറ്റായ വികസന ക്രമങ്ങളുടെയും അനിവാര്യഫലമാണ് 'ആഗോളതാപനം' (Global Warming).

ഗവേഷണ പഠനങ്ങൾ ആവശ്യമില്ലാത്തവിധം നിത്യജീവിത യാഥാർഥ്യമായി ആഗോളതാപനം മാറിയിരിക്കുന്നു. ഇതര ഗ്രഹങ്ങളിൽനിന്ന് വ്യത്യസ്തമായി, ജീവന്റെ നിലനിൽപിന് അനുയോജ്യമായ തരത്തിലാണ് ഭൂമിയെയും അതിന്റെ അന്തരീക്ഷത്തെയും അല്ലാഹു സംവിധാനിച്ചിട്ടുള്ളത്. ഇതിൽ സംഭവിക്കുന്ന നേരിയ വ്യതിയാനങ്ങൾപോലും ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കും. ഇത്തരം സംവിധാനങ്ങളിൽ ഒന്നാണ് 'ഗ്രീൻഹൗസ് ഇഫക്ട്.' അഥവാ ഭൂമിയിൽ പതിക്കുന്ന ചൂടിനെ നഷ്ടപ്പെടുത്താതെ ഭൗമാന്തരീക്ഷത്തിൽതന്നെ പിടിച്ചുനിർത്തി താപവിതരണം നടത്തുന്ന സംവിധാനം. ഈ ധർമം നിർവഹിക്കുന്ന വാതകങ്ങളാണ് ഹരിതഗൃഹ (ഗ്രീൻഹൗസ്)വാതകങ്ങൾ. ഇത്തരം വാതകങ്ങൾ അന്തരീക്ഷത്തിൽ അമിതമാകുമ്പോൾ ചൂടും അതിനനുസരിച്ച് വർധിക്കും. ഇതാണ് ആഗോളതാപനം എന്ന ഭീഷണിയായി പരിണമിക്കുന്നത്.

## ഹരിതഗൃഹ വാതകങ്ങൾ വർധിക്കുന്നു

കാർബൺഡൈ ഓക്സൈഡ്, നൈട്രസ് ഓക്സൈഡ്, മീഥേൻ, ക്ലോറോഫ്ലൂറോ കാർബൺ, ഓസോൺ, നീരാവി തുടങ്ങിയവയാണ് പ്രധാന ഹരിതഗൃഹവാതകങ്ങൾ. ആഗോളതാപനത്തിന്റെ സൃഷ്ടിയിൽ 60% പങ്കുവഹിക്കുന്നത് കാർബൺഡൈ ഓക്സൈഡാണ്. ക്ലോറോഫ്ലൂറോ കാർബൺ(14%), ഓസോൺ വാതകങ്ങൾ(12%), മീഥേൻ(10%), നീരാവിയും മറ്റും(4%) എന്നിങ്ങനെയാണ് മറ്റുള്ള വാതകങ്ങളുടെ പങ്ക്. ആധുനിക വികസന രീതിയുടെ തിരിച്ചടിയെന്നോണം ഹരിതഗൃഹ വാതകങ്ങളുടെ അളവ് ക്രമാതീതമായി വർധിക്കുകയാണ്.

1850-നും 1950-നും ഇടക്ക് പുറത്തുവിട്ട അത്രയും കാർബൺഡൈ ഓക്സൈഡ് ഓരോ പത്ത് വർഷത്തിലും ഇപ്പോൾ ഭൗമാന്തരീക്ഷത്തിൽ നിറയുന്നുണ്ട്. വാഹനങ്ങളുടെയും വ്യവസായശാലകളുടെയും ആധിക്യമാണ് ഇതിന് കാരണം. ഫോസിൽ ഇന്ധനങ്ങളാണ് ഈ വാതകം ഏറ്റവുമധികം പുറംതള്ളുന്നത്. ഒരു ടൺ കാർബൺ കത്തുമ്പോൾ അതിന്റെ നാലിരട്ടി വരെയാണ് കാർബൺ ഡൈ ഓക്സൈഡായി പുറത്തുപോവുന്നത്. 2007 ജനുവരിയിൽ അമേരിക്കൻ നാഷ്നൽ ഓഷ്യാനിക് ആന്റ് അറ്റ്മോസ്ഫെറിക് അഡ്മിനിസ്ട്രേഷൻ (NOAA) പുറത്തുവിട്ട കണക്കുകൾ ഞെട്ടിക്കുന്നതാണ്. 1970 മുതൽ 2000 വരെ ഓരോ വർഷവും 1.5 പാർട്സ് ഓഫ് മില്യൻ (പി.പി.എം) ആണ് $CO_2$വിന്റെ വർധനവെങ്കിൽ കഴിഞ്ഞവർഷമിത് 2.6 പി.പി.എം ആയി ഉയർന്നിരിക്കുന്നു. ഇതിനുപിന്നിൽ മനുഷ്യന്റെ ഇടപെടലുകൾ മാത്രമാണെന്ന് NOAA-യിലെ ശാസ്ത്രജ്ഞനായ ഡേവിഡ് ഹോഫ്മാൻ പറയുന്നു.

കേരളത്തിലും വായുമലിനീകരണം വളരെ അപായകരമായ നിലയിലാണ്. ദിനംപ്രതി 1405 ടൺ സൾഫർഡയോക്സൈഡും 232 ടൺ നൈട്രജൻ ഓക്സൈഡും 1052 ടൺ കാർബൺഡൈ ഓക്സൈഡും കേരളത്തിൽനിന്ന് പുറംതള്ളുന്നുണ്ടെന്ന് കേരള എൻവയൺമെന്റ് റിപ്പോർട്ടിൽ(2007) പറയുന്നു. ചൂടുകൂടുമ്പോൾ കൂടുതലായി പ്രവർത്തിപ്പിക്കുന്ന ശീതീകരണോപകരണങ്ങളും ചൂടിന്റെ വർധനവിൽ പങ്കുവഹിക്കുന്നുണ്ട്. ഓസോണിൽ വിള്ളലുണ്ടാക്കുന്നതടക്കം ആഗോളതാപനം ഉയർത്തുന്നവയിൽ കാര്യമായ പങ്കുള്ളവയാണ് ക്ലോറോഫ്ലൂറോ കാർബൺ (സി.എഫ്.സി). എയർകണ്ടീഷൻ, ഫ്രിഡ്ജ് തുടങ്ങിയവ സി.എഫ്.സി വലിയ തോതിൽ ഉണ്ടായിത്തീരാൻ കാരണമാകുന്നു.

കാർബൺഡൈ ഓക്സൈഡിനെ നിയന്ത്രിക്കുന്നതിൽ കാര്യമായ പങ്കുവഹിക്കുന്ന വനങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. വനവൽക്കരണത്തിൽ കാര്യമായി ശ്രദ്ധപതിപ്പിക്കുകയും പുതിയ ഊർജസ്രോതസ്സുകൾ കണ്ടെത്തുകയും ചെയ്യേണ്ടതുണ്ട്. അല്ലാത്തപക്ഷം ഗുരുതരമായ പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരും.

## മഞ്ഞുമലകൾ ഇല്ലാതാവുന്നു

ആർട്ടിക് മേഖലയിൽ വേനൽക്കാലത്തുപോലും കാര്യമായ ചൂടേൽക്കില്ല. എന്നാൽ ആഗോളതാപനത്തിലൂടെ സൂ

ര്യരശ്മികൾ നേരിട്ടു പതിക്കാതെത്തന്നെ ഹരിതഗൃഹവാതകങ്ങൾ ചൂടുപിടിക്കുകയും ഈ ചൂട് ധ്രുവമേഖലയിലേക്ക് വ്യാപിക്കുകയും ചെയ്യുകയാണ്.

2004–'05 കാലത്തെ നാസയുടെ ഉപഗ്രഹ നിരീക്ഷണത്തിനിടയിൽ മഞ്ഞുമലയുടെ 14 ശതമാനവും ഉരുകിത്തീരുന്നതായാണ് കണ്ടത്. നൂറ്റാണ്ടുകളായി യാതൊരു മാറ്റവുമില്ലാതെ കിടന്ന ധ്രുവമേഖലയിൽ ഇന്ന് വൻതോതിൽ മഞ്ഞുരുകിക്കൊണ്ടിരിക്കുകയാണ്. ഐക്യരാഷ്ട്രസഭയുടെ 'ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച്' (IPCC) റിപ്പോർട്ടു പ്രകാരം, ഈ നൂറ്റാണ്ടിൽ 18$^0$C മുതൽ 40$^0$C വരെയാണ് ചൂട് കൂടിയിട്ടുള്ളത്. ഇത് സമുദ്രനിരപ്പ് 18–59 സെ.മീ വരെ ഉയരാൻ കാരണമായേക്കും. ഈ നൂറ്റാണ്ടിന്റെ മധ്യത്തോടുകൂടി വേനൽക്കാലത്ത് സമുദ്രത്തിൽ മഞ്ഞുപാളികളേ ഉണ്ടാവില്ലെന്നാണ് സെന്റർ ഫോർ അറ്റ്മോസ്ഫെറിക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വ്യക്തമാക്കുന്നത്. ഇപ്പോഴുള്ള 60 ലക്ഷം ച.കി.മീ മഞ്ഞുമല പത്തുവർഷത്തിനുള്ളിൽ 20 ലക്ഷം ച.കി.മീ ആയി ചുരുങ്ങുമെന്നും പറയുന്നു.

ഗ്രീൻലാന്റ് ഹിമാനികളും വൻതോതിൽ ഇല്ലാതാവുകയാണ്. ഓരോ വർഷവും ഇവിടെ 248 ക്യുബിക് മീറ്റർ വീതമാണ് മഞ്ഞുപാളികൾ പിൻവാങ്ങിക്കൊണ്ടിരിക്കുന്നത്. ആസ്ത്രേലിയയിലും അന്റാർട്ടിക്കിന്റെ പടിഞ്ഞാറൻമേഖലകളിലും ആഫ്രിക്കൻ നാടുകളിലും കാണുന്ന മാറ്റം ആശങ്കാജനകമാണ്. ആഫ്രിക്കയിലെ കിളിമഞ്ചാരോ, കെന്യ തുടങ്ങിയവയുടെ മഞ്ഞാവരണങ്ങൾ 80 ശതമാനത്തിലധികവും ഇല്ലാതായിക്കഴിഞ്ഞു.

മഞ്ഞുരുകുന്നതോടെ കടൽ പരപ്പ് ഉയരും. നദീതീരങ്ങളിലുള്ള വൻ പട്ടണങ്ങൾ വെള്ളത്തിനടിയിലാവും. ആഗോളതാപനത്തിന്റെ ആദ്യഇര ഒരുപക്ഷേ പസഫിക് സമുദ്രത്തിലെ ടുവാലു ദ്വീപ് ആയിരിക്കും. 26 കിലോമീറ്റർ വിസ്തീർണമുള്ള ദ്വീപിന്റെ പലഭാഗങ്ങളും ഇതിനകം വെള്ളത്തിലായി. ന്യൂസിലാന്റിലേക്ക് കുടിയേറിക്കൊണ്ടിരിക്കുകയാണ് അവിടത്തെ നിവാസികൾ.

ഹിമാലയത്തിലെ മഞ്ഞുമലകളും ആഗോളതാപനത്തിന്റെ ആഘാതത്തിലാണ്. ഇന്ത്യയിലെ പ്രധാന നദികളായ സിന്ധു, ബ്രഹ്മപുത്ര, ഗംഗ എന്നിവയുടെ തീരത്ത് വസിക്കുന്ന കോടിക്കണക്കിന് ജനങ്ങൾ ദുരിതം ഏറ്റുവാങ്ങേണ്ടിവരുമെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ഗംഗയുടെ ഉത്ഭവസ്ഥാനമായ ഗംഗോത്രി മഞ്ഞുമല വൻതോതിൽ ഉരുകിക്കൊണ്ടിരിക്കുന്നു. ഈ നൂറ്റാണ്ടിന്റെ ഒടുക്കത്തോടെ സമുദ്രജലനിരപ്പ് 0.18 മീറ്ററിൽനിന്നും 0.59 മീറ്ററായി ഉയരുമെന്ന് ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ റിപ്പോർട്ടിലുണ്ട്. ഇന്ത്യയുടെ കിഴക്കൻ തീരങ്ങളിൽ കഴിഞ്ഞ 10 വർഷത്തിനിടെ 14 ദ്വീപുകൾ മുങ്ങൽ ഭീഷണിയിലാണ്. ആഗോളതാപന ഇരകളുടെ ലിസ്റ്റിൽ ആദ്യ 27 രാജ്യങ്ങളിലൊന്നാണ് ഇന്ത്യ.

## കാലാവസ്ഥാ വ്യതിയാനം

ഭൂമിയിലെ സന്തുലിതമായ കാലാവസ്ഥ ആഗോളതാപനം ശക്തിപ്പെടുന്നതോടെ അവതാളത്തിലാവും. പ്രകൃതിക്ഷോഭങ്ങൾ വർധിക്കും. 1800–നു ശേഷം ഭൗമാന്തരീക്ഷം 0.6 ഡിഗ്രി സെൽഷ്യസ് കൂടുതൽ ചൂടാവുകയുണ്ടായി. ഇത് കാലാവസ്ഥയിൽ ഗണ്യമായ മാറ്റം വരുത്തിയിട്ടുണ്ട്. ആർട്ടിക് മേഖലയിൽ 3 ഡിഗ്രി സെൽഷ്യസ് ചൂട് കൂടിയാൽ ജലവിതാനം 4–6 മീറ്റർവരെ ഉയരും. ഇത് വൻനഗരങ്ങളെ വിഴുങ്ങുക മാത്രമല്ല, കനത്ത ചുഴലിക്കാറ്റുകളും സൃഷ്ടിക്കും.

അമേരിക്കയിൽ കഴിഞ്ഞവർഷം 27 ചുഴലിക്കാറ്റുകളാണുണ്ടായത്. യൂറോപ്പിൽ ഉഷ്ണക്കാറ്റുമൂലം നൂറുകണക്കിനാളുകൾ മരിച്ചു. ഒമാനിലുണ്ടായ ഗോനു ചുഴലിക്കാറ്റിലും കനത്ത നാശനഷ്ടങ്ങളുണ്ടായി.

ആർട്ടിക് മേഖലയിലാണ് പെർമാഫ്രോസ്റ്റ്(നിത്യമഞ്ഞ്). ഒരിക്കലും ഉരുകില്ല എന്ന് കരുതിയിരുന്ന പെർമാഫ്രോസ്റ്റ് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ 8 ശതമാനത്തോളം ഉരുകിയിരിക്കുന്നു. പെർമാഫ്രോസ്റ്റ് ഇല്ലാതാവുന്നതോടെ റഷ്യ, അലാസ്ക, കനഡ എന്നിവിടങ്ങളിൽ പരിസ്ഥിതി സന്തുലിതത്വം അട്ടിമറിയും. ഈ നൂറ്റാണ്ടോടെ ഇതിന്റെ 90 ശതമാനവും ഇല്ലാതാവുമെന്നാണ് കണക്കുകൂട്ടൽ.

## ഭക്ഷ്യസുരക്ഷാഭീഷണിയും ജലദൗർലഭ്യവും

ആഗോളതാപനം മൂലം 12 കോടി മനുഷ്യർ പട്ടിണിയിലാകുമെന്ന് ഐക്യരാഷ്ട്രസഭ കഴിഞ്ഞ ഏപ്രിലിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്നു. ദരിദ്രരാഷ്ട്രങ്ങളായിരിക്കും ഇതിന്റെ പ്രത്യാഘാതങ്ങൾ ഏറെ അനുഭവിക്കേണ്ടിവരിക. ജലദൗർലഭ്യവും ഭക്ഷ്യദൗർലഭ്യവും രൂക്ഷമാവും. 2$^0$–3$^0$ സെൽഷ്യസ് വരെ ചൂടുയരുമ്പോൾ 110 മുതൽ 320 കോടിയോളം ജനങ്ങൾക്കു ജലദൗർബല്യം നേരിടും. അടുത്ത 70 വർഷത്തിനുള്ളിൽ 2 കോടിക്കും 6 കോടിക്കും ഇടക്ക് ജനങ്ങൾ പട്ടിണികൊണ്ടുവലയും.

ആഗോള സമ്പദ് വ്യവസ്ഥയെ ആഗോളതാപനം പ്രതികൂലമായി ബാധിക്കും. മതിയായ കരുതൽ നടപടികളില്ലെങ്കിൽ ചൈനയിലെ ധാന്യോൽപാദനം മൂന്നിലൊന്നായി കുറയും. ആഫ്രിക്കൻ നാടുകളും ആസ്ത്രേലിയയുമായിരിക്കും പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തുന്ന മറ്റു രാജ്യങ്ങൾ. ഇന്ത്യയിലെ ആളോഹരി ജലലഭ്യത 1800 ക്യുബിക് മീറ്ററിൽനിന്ന് 1000 ക്യുബിക് മീറ്ററായി ചുരുങ്ങും. കാർഷികോൽപാദനം 30 ശതമാനമായി കുറയും. ആഗോളതാപനം കൊണ്ടുണ്ടാവുന്ന ജലക്ഷാമം കടുത്ത ഭക്ഷ്യപ്രതിസന്ധിയിലേക്കായിരിക്കും നാടിനെ കൊണ്ടെത്തിക്കുക.

## വംശനാശഭീഷണി

ആഗോളതാപനത്തിന്റെ ഫലമായി ഒട്ടനേകം ജീവിവർഗങ്ങൾക്ക് വംശനാശം സംഭവിച്ചേക്കും. വംശനാശ ഭീഷണിയുടെ ആദ്യത്തെ ഇരയായിരിക്കും ധ്രുവക്കരടികൾ. ധ്രുവപ്രദേശത്തെമാത്രം ആശ്രയിച്ചു കഴിയുന്ന ഇവക്ക് അതിജീവനം സാധ്യമല്ലാതായിക്കൊണ്ടിരിക്കുകയാണ്. ധ്രുവമേഖലയിലെ മറ്റു ജീവികളും നാളുകളെണ്ണിത്തുടങ്ങി. 2007–'08–നെ അന്താരാഷ്ട്ര ധ്രുവവർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. 60 രാജ്യങ്ങളിൽനിന്നുള്ള ആയിരക്കണക്കിന് ശാസ്ത്രജ്ഞർ അടുത്ത രണ്ട് വർഷത്തിനുള്ളിൽ ധ്രുവമേഖലയെക്കുറിച്ച് 220 ഗവേഷണ റിപ്പോർട്ടുകൾ സമർപ്പിക്കും. ധ്രുവമേഖലകളിലെ ജീവികളുടെ ഭാവിയെക്കുറിച്ച പഠനങ്ങളാണ് ഇവയിൽ പ്രധാനപ്പെട്ട ഒന്ന്.

സമുദ്ര ജൈവവൈവിധ്യത്തെയും ആഗോളതാപനം സാരമായി ബാധിക്കും. സമുദ്രജലത്തിൽ അമ്ലാംശം കൂടുന്നതാണിതിന് കാരണം. ഇത് സമുദ്രത്തിലെ നിരവധി ജീവിവർഗങ്ങളുടെ നിലനിൽപിന് ഭീഷണിയായിത്തീരും. മത്സ്യലഭ്യത കുറയാനുള്ള കാരണവും മറ്റൊന്നല്ല. ഇന്ത്യയുടെ മത്സ്യലഭ്യതയുടെ 25 ശതമാനവും കേരളത്തിൽനിന്നാണ്. കേരളത്തിലെ നദികളിൽനിന്ന് കടലിലെത്തുന്ന സസ്യപ്ലവങ്ങളാണിതിന് കാരണം. ഇവയാണ് മത്സ്യങ്ങളെ കേരള തീരത്തേക്ക് അടുപ്പിക്കുന്നത്. ചൂടുകൂടുന്നതുമൂലം പ്ലവങ്ങൾ ഇല്ലാതാവുകയും മത്സ്യങ്ങൾ അകന്നുപോവുകയും ചെയ്യുന്നു.

സമുദ്രനിരപ്പ് 46 സെ.മീ ഉയർന്നാൽ കണ്ടൽകാടുകളുടെ 75 ശതമാനവും നശിക്കും. ലോകത്തിലെ ഏറ്റവും വലിയ കണ്ടൽവനമായ സുന്ദർബാൻ നശിക്കുന്നതോടെ ബംഗാൾ ഉൾക്കടലിലെ ശക്തമായ ഉഷ്ണ ചുഴലിക്കാറ്റുകൾ ഇന്ത്യയിലേക്ക് വരുമെന്ന് യുനസ്കോ പഠനങ്ങൾ പറയുന്നു.

## നടപടികളില്ല!

പഠനങ്ങളും റിപ്പോർട്ടുകളും ധാരാളമുണ്ടെങ്കിലും ആഗോളതാപനത്തെ ചെറുക്കാൻ ഇതുവരെ കാര്യമായ നടപടികളൊന്നുമുണ്ടായിട്ടില്ല. ഐക്യരാഷ്ട്രസഭ പല നിർദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെ

ങ്കിലും പ്രായോഗികതലത്തിൽ ഒന്നും നടക്കുന്നില്ല. 189 രാഷ്ട്ര ങ്ങൾ ഒപ്പിട്ട ക്യോട്ടോ ഉടമ്പടിയാണിതിൽ ശ്രദ്ധേയമായത്. പക്ഷേ, ആഗോളതാപനത്തിന്റെ മുഖ്യകാരണക്കാരായ അമേ രിക്ക ഈ വ്യവസ്ഥകൾ അംഗീകരിക്കാനോ ഒപ്പിടാനോ തയാ റായിട്ടില്ല.

2007 ഏപ്രിൽ 30-ന് ബാങ്കോക്കിൽ ആരംഭിച്ച ലോക കാലാ വസ്ഥാ സമ്മേളനത്തിലും ഞെട്ടിക്കുന്ന കണക്കുകൾ സമർപ്പി ക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, ഇവിടെയും പ്രായോഗികനിർദേശങ്ങളി ല്ല. ഉണ്ടെങ്കിൽതന്നെ അത് നടപ്പാക്കാൻ ആരും തയാറുമല്ല. മനുഷ്യന്റെ അത്യാർത്തിയും ധാർഷ്ട്യവും അവനെ എവിടെ കൊണ്ടെത്തിക്കുമെന്ന് 1992 ഭൗമ ഉച്ചകോടിയിൽ ഒരു കൂട്ടം ശാസ്ത്രജ്ഞർ മുന്നറിയിപ്പു നൽകുകയുണ്ടായി. 'മനുഷ്യൻ അവന്റെ ജീവിത ശൈലിയിൽ മാറ്റം വരുത്താൻ തയാറല്ലെ ങ്കിൽ 21-ാം നൂറ്റാണ്ട് അവസാനിക്കുമ്പോഴേക്കും ഒന്നുകിൽ മനു ഷ്യൻ ഭൂമിയെ കൊല്ലും. അല്ലെങ്കിൽ ഭൂമി മനുഷ്യനെ കൊ ല്ലും.'

## മനുഷ്യന്റെ കൈകടത്തലുകൾ

മനുഷ്യന്റെ കൈകടത്തലുകൾ അതിരുകവിഞ്ഞതു കൊണ്ടു മാത്രമുണ്ടായ ദുരന്തമാണ് ആഗോളതാപനം. ഇക്കാര്യത്തിന് ഐക്യരാഷ്ട്ര സഭയുടെ കാലാവസ്ഥാ ഗവേ ഷണ വിഭാഗമായ ഇന്റർ ഗവൺമെന്റൽ പാനൽ റിപ്പോർട്ടും അടിവരയിടുന്നു: 'മനുഷ്യന്റെ ഇടപെടൽ മൂലമുണ്ടായ ആഗോ ളതാപനത്തിനെതിരെ അടിയന്തരമായ നടപടി സ്വീകരിച്ചില്ലെ ങ്കിൽ ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ മനുഷ്യജീവിതം ദുരിതപൂർണമാകും.' റിപ്പോർട്ട് പുറത്തുവിട്ട രാജേന്ദ്ര പച്ചൗരിയാണിത് പറയുന്നത്.

ഖുർആൻ പറയുന്നത് കാണുക:

"മനുഷ്യ കരങ്ങളുടെ പ്രവർത്തനഫലമായി കരയിലും കടലിലും സർവനാശം പ്രകടമായിരിക്കുന്നു. അവർ തങ്ങളുടെ ചില ചെയ്തികളുടെ രുചിയറിയേണ്ടതിന്, അങ്ങനെയെങ്കിലും അവർ മടങ്ങിയെങ്കിലോ" (ഖുർആൻ 30:41).

പ്രപഞ്ചത്തിലെ സന്തുലിതത്വം പ്രാപഞ്ചിക ദൃഷ്ടാന്ത ങ്ങളിലെ അടിസ്ഥാനഘടകമാണ് (ഖുർആൻ 55:7,8), അവ യിൽനിന്നും പാഠമുൾക്കൊള്ളുക (ഖുർആൻ 12:108) എന്നാണ് വിശുദ്ധ ഖുർആൻ ആവശ്യപ്പെടുന്നത്. ഭൗമോപരിലോകത്തെ (അന്തരീക്ഷം) ഒരു സുരക്ഷിത മേൽക്കൂരയാക്കി (ഖുർആൻ 21:23)യിട്ടാണ് സംവിധാനിച്ചിട്ടുള്ളത്. എന്നാൽ മനുഷ്യന്റെ ഇട പെടൽ മൂലം ഈ സുരക്ഷിത മേഖലതന്നെ ഏറ്റവും വലിയ സുരക്ഷാ ഭീഷണിയായി ആഗോളതാപനത്തിലൂടെ പരിണമി ക്കുന്നു.

വിഭവങ്ങളെ മനുഷ്യന് ഉപയോഗിക്കാം. മനുഷ്യനു വേണ്ടിതന്നെയാണവ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്(ഖുർആൻ 2:29). 'അല്ലാഹുവിന്റെ വിഭവങ്ങൾ നിങ്ങൾ തിന്നുകയും കുടിക്കുക യും ചെയ്തുകൊള്ളുക. പക്ഷേ, ഭൂമിയിൽ വിനാശകാരികളാ യിത്തീരാതിരിക്കുക'(ഖുർആൻ 2:60). ഇതിൽ ആദ്യഭാഗം മാത്രം സ്വീകരിക്കുകയും രണ്ടാംഭാഗം അവഗണിക്കുകയും ചെയ്ത താണ് ദുരന്തത്തെ അനിവാര്യമാക്കിത്തീർക്കുന്നത്. ■